(ഡി) സംസ്ഥാനത്ത് പോളിയോ രോഗം എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഇ) നിർമ്മാർജ്ജനം ചെയ്യപ്പെട്ട ഈ രോഗം വീണ്ടും പ്രത്യക്ഷപ്പെട്ടത് എപ്രകാരമാണ്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോളിയോ, ഛർദ്ദി, അതിസാരം, ടൈഫോയ്ഡ്, മലേറിയ എന്നീ പകർച്ചവ്യാധികളാണ് വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്.ശുദ്ധജല വിതരണത്തിന്റെ അപര്യാപ്തത, സ്വീവേജ് ഡിസ്പോസൽ ഫലപ്രദമായി നടക്കാതിരിക്കുക തുടങ്ങിയവ മൂലവും അന്തർസംസ്ഥാന ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിനാലും രോഗങ്ങൾ പകരുന്നതിന് കാരണമായിത്തീരുന്നു.

(ബി) ക്ഷയം : കേരളത്തിൽ ജനുവരി 2000 മുതൽ നവംബർ 2000 വരെ ആകെ 16406 ക്ഷയരോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മലമ്പനി : ഈ വർഷം ഇതുവരെ മലമ്പനി ബാധിച്ച 231 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടു മരണവും സംഭവിച്ചിട്ടുണ്ട്.

സ്മാൾ പോക്സ് : കേസ്സുകൾ നിലവിലില്ല.

(സി) ലഭ്യമായ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 394 എയ്ഡ്സ് രോഗികൾ ഉണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടിയിലെ ചക്കുമ്മൽ എന്ന സ്ഥലത്ത് ഒന്നേകാൽ വയസ്സുള്ള അസിഫ് എന്ന കുട്ടിക്ക് പോളിയോ രോഗം ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) കുട്ടിക്ക് ക്രമമായി കിട്ടേണ്ടിയിരുന്ന പ്രതിരോധ വാക്സിനുകൾ യഥാസമയം കിട്ടിയിരുന്നില്ല.

144(166) എലിപ്പനിമൂലമുള്ള മരണം

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് എലിപ്പനിമൂലമുണ്ടായ മരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര മരണങ്ങളാണ് നടന്നിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നിരാലംബരായ കുടുംബങ്ങളെ സാമ്പത്തികമായി സഹായിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998 - 68

1999 - 93

2000 - 65

LIBRARY ARCHIVES Kerala Legislative Assembly

(സി,ഡി) എലിപ്പനിമൂലം അസുഖം ബാധിച്ചവർക്ക് ചികിത്സ ലഭ്യമാണ്. എന്നാൽ ഈ അസുഖത്താൽ മരണമടഞ്ഞ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കാനുള്ള പദ്ധതി ആരോഗ്യവകുപ്പിൽ ഇല്ല.

145(167) പോളിയോ നിർമ്മാർജ്ജന പരിപാടി

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്ത് പോളിയോ രോഗം വീണ്ടും പ്രത്യേക്ഷപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പോളിയോ നിർമ്മാർജ്ജനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ,ബി) ഉണ്ട്. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒന്നേമുക്കാൽ വയസ്സുള്ള അസിഫ് എന്ന കുട്ടിയ്ക്ക് പോളിയോ രോഗം ബാധിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(സി) അഞ്ചു വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ഒരേ ദിവസം പോളിയോ തുള്ളിമരുന്ന് ഡിസംബർ-ജനുവരി മാസങ്ങളിൽ 1995 മുതൽ നല്കിവരുന്നു. ഇതിൽ വിട്ടുപോയ കുട്ടികൾക്ക് അടുത്തദിവസം തന്നെ വീട്ടിൽ കൊണ്ടുപോയി പോളിയോ തുള്ളി മരുന്നു നല്കിവരുന്നു. കൂടാതെ അഞ്ചു വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും പോളിയോ തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള രോഗപ്രതിരോധ നടപടികൾ എല്ലാ ആശുപത്രികളിലൂടെയും നടത്തിവരുന്നു.

146(169) സ്കൂൾകുട്ടികൾക്ക് ചിക്കൻപോക്സിനെതിരെ വാക്സിൻ

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങൾ മുഖേന സ്കൂൾകുട്ടികൾക്ക് ചിക്കൻപോക്സിനെതിരെ വാക്സിൻ എടുക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ചിക്കൻപോക്സ് വാക്സിന് ഫീസ് ചുമത്തുന്നുണ്ടോ;

(ഡി) എങ്കിൽ ഒരു ഡോസ് വാക്സിന് എന്തു തുകയാണ് ചുമത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly